

# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ

പരിശീലന പാഠാവലി.

10

# പാഠം 10

# സീറോ മലബാർ സഭയും പ്രേഷിതപ്രവർത്തനങ്ങളും



മാർത്തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണ ഫലമായി രൂപപ്പെട്ട ക്രൈസ്തവ സമൂഹം കേരളത്തിൽ ശക്തി യാർജ്ജിച്ചുവളർന്നു. മർത്തോമ്മാ നസ്രാണികൾ എന്ന് അവർ അറിയപ്പെട്ടു.





# മർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രേഷിത സ്വഭാവം

മർത്തോമ്മാ ക്രിസ്ത്യാനികൾക്കു തങ്ങളുടേതായ സുവിശേഷവത്ക്കരണ ശൈലിയുണ്ടായിരുന്നു. ഭൂരിഭാഗം വരുന്ന മറ്റു മതസ്ഥരുടെയിടയിൽ തങ്ങളുടെ ക്രൈസ്തവ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും അതിന് സാക്ഷ്യം വഹിക്കുന്നതിനുമായിരുന്നു അവർ മുൻതൂക്കം കൊടുത്തിരുന്നത്.

`ഭൂരിഭാഗം വരുന്ന മററു മതസ്ഥരുടെയിടയിൽ തങ്ങളുടെ ക്രൈസ്തവവിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും അതിനു സാക്ഷ്യം വഹിക്കുന്നതിനും അവർ മുൻതൂക്കം നൽകി.

16-ാം നൂറ്റാണ്ടിൽ പാശ്ചാത്യമിഷനറിമാരുടെ ആഗമന ത്തോടെ പ്രേഷിതപ്രവർത്തനം സജീവമായി

വിവിധ മതവിശ്വാസങ്ങൾ, ഭാരത സംസ്കാരത്തിന്റെ മതസഹിഷ്ണു താമനോഭാവം ,ജാതിവ്യവസ്ഥകൾ തുടങ്ങിയവയെല്ലാം മർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രേഷിത പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചു എന്നുപറയുന്നതിൽ തെറ്റില്ല. 16-ാം നൂറ്റാിൽ പാശ്ചാത്യ മിഷനറിമാ രുടെ ആഗമനത്തോടുകൂടിയാണു ഭാരതത്തിലെ പ്രേഷിത പ്രവർത്തനങ്ങൾ ഗണ്യമായ രീതിയിൽ സജീവമായത്.

# സീറോ മലബാർ സഭയും കുടിയേറ്റങ്ങളും

11-ാം നൂറ്റാണ്ടുവരെ മർത്തോമ്മാ നസ്രാണികൾക്കു ഭാരതം മുഴുവൻ സഭാപ്രവർത്തനങ്ങൾ ചെയ്യുവാൻ അധികാരമുണ്ടായിരുന്നു. സഭയുടെ ഭരണം നടത്തിക്കൊണ്ടിരുന്ന ആർച്ച് ഡീക്കൻ ഇന്ത്യ മുഴുവന്റേയും ആർച്ച് ഡീക്കനായിട്ടാണ് അറിയപ്പെട്ടിരുന്നത്.

1923 ഡിസംബർ 21-ാം തിയ്യതി 11-ാം പീയൂസ് മാർപാപ്പ സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ചുവെങ്കിലും സഭയുടെ പ്രവർത്തനമേഖല വടക്ക് ഭാരതപ്പുഴയ്ക്കും തെക്ക് പമ്പാനദിക്കും ഇടയിലായി പരിമിതപ്പെടുത്തി.



# സീറോ മലബാർ  സഭയും കുടിയേറ്റങ്ങളും

1923 ഡിസംബർ 21ന് പീയൂസ് തക മാർപ്പാപ്പ സീറോ മലബാർ  ഹയരാർക്കി സ്ഥാപിച്ചു





ഒരു വ്യക്തിയുടെ വിശ്വാസജീവിതം അവന്റെ മാതൃസഭ യുടെ വിശ്വാസപാരമ്പര്യങ്ങളിൽ അധിഷ്ഠിതമാണ്. ആ വ്യക്തിസഭ യുടെ ആരാധനക്രമത്തിൽ നിന്നാണ് അവന്റെ വിശ്വാസജീവിത ത്തിനാവശ്യമായ ആദ്ധ്യാത്മികത ലഭിക്കുന്നത്. അതിനാൽ ഓരോ വ്യക്തിസഭയ്ക്കും ആ സഭയിലെ അംഗങ്ങൾ പാർക്കുന്നിട ങ്ങളിലെല്ലാം അജപാലന ശുശ്രൂഷചെയ്യാൻ കടമയുണ്ട്.

# സഭയുടെ മിഷൻ രൂപതകൾ

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അക്രൈസ്തവ സമൂഹങ്ങളുടെയിടയിൽ പ്രേഷിതവേല ചെയ്യുവാൻ സീറോ മലബാർ സഭാമക്കൾ അതിയായി ആഗ്രഹിച്ചിരുന്നു. ഈ ആഗ്രഹം പരി.പിതാവിനെ നിരന്തരമായി സീറോ മലബാർ സഭാനേതൃത്വം അറിയിച്ചുകൊിരുന്നു. അതിന്റെ ഫലമായി ഛാന്ദാ, ഉജ്ജൈൻ, സാത്ന, സാഗർ, ജഗതൽപൂർ, ബിജ്നോർ, രാജ്കോട്ട്, ഗോരക്പൂർ, തക്കല, അദിലാബാദ്, കല്യാൺ, ഫരീദാബാദ്, ചിക്കാഗോ എന്നീ മിഷൻ രൂപതകൾ സീറോ മലബാർ സഭയ്ക്കു ലഭിച്ചു .

സഭയുടെ മിഷൻ രൂപതകൾ ചാന്ദാ, ഉജ്ജൈൻ, സത്ന, സാഗർ, ജഗദൽപൂർ, ബിജ്നോർ, രാജകോട്ട്, ഗോരഖ്പൂർ, തക്കല, അദിലാബാദ്.

# പ്രധാന മിഷൻ പ്രവർത്തന ശൈലി

ജീവിതസാക്ഷ്യമാണ് ഓരോ ക്രിസ്ത്യാനിയുടേയും ഒന്നാമത്തെ മിഷൻ പ്രവർത്തനം.

ആഴത്തിൽ വേരോടിയ വിവിധ മതപാരമ്പര്യങ്ങൾ പിന്തുടരുന്ന വിശ്വാസികളുള്ള ഭാരതത്തിൽ ക്രിസ്ത്യാനികളുടെ സ്നേഹജീവിതമാണ് ഈശോയെ പ്രഘോഷിക്കാനുള്ള ഏറ്റവും ശക്തമായ മാർഗ്ഗം.

മതസംവാദമാണു മറ്റൊരു മാർഗ്ഗം. ഭാരതത്തിലെ ക്രൈസ്തവരുടേയും ഹിന്ദുക്കളുടേയും ഇടയിൽ ഒരു സംവാദ ജീവിതം നിലനിന്നിരുന്നു.

ഭാരതീയ, സീറോമലബാർ പാരമ്പര്യങ്ങളിൽ താപസവൃത്തിക്കും ആശ്രമജീവിതത്തിനും വളരെയേറെ പ്രാധാന്യമുണ്ട്. അതിനാൽ സീറോമലബാർ സഭയിലെ സമർപ്പിതർ മറ്റുള്ളവരിൽ ഭക്തിതീക്ഷ്ണത വളർത്തുവാൻ കഴിയുന്ന സുവിശേഷ പ്രഘോഷകർകൂടിയായിരിക്കണമെന്ന് സഭ ആഹ്വാനം ചെയ്യുന്നു. (സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തന മാർഗ്ഗരേഖ 6:2-5).

# പ്രധാന മിഷൻ പ്രവർത്തനശൈലി

1. ജീവിതസാക്ഷ്യം
2. സ്നേഹജീവിതം
3. മതസംവാദം.
4. സുവിശേഷപ്രഘോഷണം

# ദൈവവചനം

# വായിക്കാം, ധ്യാനിക്കാം

# (1 കോറി. 3:5-9)



# ഓർമ്മിക്കാൻ ഒരു തിരുവചനം

ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്.
നിങ്ങളാകട്ടെ ദൈവത്തിന്റെ വയലും വീടും
(1 കോറി. 3:9).

# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം എന്നു പറഞ്ഞ വിശുദ്ധ തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിന് സാക്ഷ്യം നൽകാൻ ഞങ്ങളെയും ശക്തരാക്കണമേ.

# എന്റെ തീരുമാനം

എന്റെ ഇടവകയിലെ മിഷൻ ഞായർ ആചരണത്തിൽ പ്രാർത്ഥന, പരിത്യാഗം, സംഭാവന എന്നിവയിലൂടെ ഞാൻ സജീവമായി സഹകരിക്കും.

## സഭാപിതാക്കന്മാർ പറയുന്നത്

പ്രാദേശികസഭകൾ സാർവത്രികസഭയെ പ്രതിനിധാനം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കാതെ ഒരേ ഭൂപ്രദേശത്ത് തങ്ങളോടൊത്ത് സഹവസിക്കുന്നവരുടെ പക്കലേയ്ക്ക് തങ്ങൾ അയയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുത ശരിക്കു മനസ്സിലാക്കണം. സമൂഹം മുഴുവന്റേയും ഓരോ വ്യക്തിയുടേയും ജീവിതസാക്ഷ്യംവഴി ക്രിസ്തുവിനെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുന്ന ഒരടയാളമായിരിക്കണം ഈ പ്രാദേശികസഭ. (അഏ 20).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണഫലമായി രൂപപ്പെട്ട ക്രൈസ്തവ സഭ മാർത്തോമ്മാ നസ്രാണികൾ എന്ന പേരിൽ കേരളത്തിൽ ശക്തിയാർജിച്ചുവളർന്നു.



* മാർത്തോമ്മാക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസാധിഷ്ഠിതമായ ജീവിതംകൊണ്ടു പ്രേഷിതരായിരുന്നു.



* 1923 ഡിസംബർ 21 ന് പതിനൊന്നാം പീയൂസ് മാർപ്പാപ്പ സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു.

* അതിനുശേഷം സീറോമലബാർസഭയ്ക്കു ധാരാളം രൂപതകളും അതിരൂപതകളും ഉണ്ടായി.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സീറോമലബാർസഭയുടെ വളർച്ചയിൽ അഭിമാനം.

* മിഷൻരൂപതകളെ പ്രാർത്ഥനവഴിയും സംഭാവനകൾ നൽകിയും സഹായിക്കാനുള്ള സന്നദ്ധത.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സീറോമലബാർസഭയ്ക്കുവേണ്ടി എന്നും പ്രാർത്ഥിക്കുന്നു.

* മിഷൻപ്രവർത്തനങ്ങളെ സഹായിക്കുന്നു.




THANK
YOU